**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6293** **10-07-2024 - ൽ മറുപടിയ്ക്ക്**

**വടകര ആർ.ഡി.ഒ. ഓഫീസ് കെട്ടിടനിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വടകര ആർ.ഡി.ഒ. ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പുതുപ്പണത്ത് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 15.02.2021-ന് തറക്കല്ലിട്ട് ഉദ്ഘാടനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 21/06/2021-ൽ കോഴിക്കോട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് അയച്ച കത്തിൽ വടകര ആർ.ഡി.ഒ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം നടന്നിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. |
| (ബി) | അന്നത്തെ റവന്യൂ മന്ത്രി, എക്സൈസും തൊഴിലും വകുപ്പ് മന്ത്രി, ഗതാഗത വകുപ്പ് മന്ത്രി എന്നിവരുടെയും വടകര എം.പി. യുടെയും കോഴിക്കോട് ജില്ലയിൽ നിന്നുമുള്ള അഞ്ച് എം.എൽ.എ. മാരുടെയും സാന്നിധ്യത്തിൽ മുഖ്യമന്ത്രിയാണ് പ്രസ്തുത ഓഫീസിന്റെ തറക്കല്ലിടൽ നടത്തിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 21/06/2021-ൽ കോഴിക്കോട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് അയച്ച കത്തിൽ വടകര ആർ.ഡി.ഒ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം നടന്നിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി പണം അനുവദിച്ച് ഭരണാനുമതി ലഭിച്ചുവെങ്കിലും ജലസേചന വകുപ്പിൽനിന്നും ഭൂമി കൈമാറി ലഭിച്ചിട്ടില്ല എന്ന ഒറ്റ കാരണത്താൽ മാത്രം അത് നടപ്പിലാക്കാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | വടകര പുതുപ്പണത്ത് ജലസേചന വകുപ്പിന്റെ കൈവശമുള്ളതും വർഷങ്ങളായി ഉപയോഗിക്കാത്തതുമായ 650 സെന്റോളം വരുന്ന ഭൂമിയിൽനിന്നും 25 സെന്റ് ഭൂമി മാത്രമാണ് ആർ.ഡി.ഒ. ഓഫീസ് നിർമ്മാണത്തിനായി ആവശ്യപ്പെട്ടിരിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പദ്ധതി നടത്തിപ്പിനും അനുബന്ധ ആവശ്യങ്ങൾക്കും ജലസേചനം വിപുലപ്പെടുത്തേണ്ടതുൾപ്പെടെയുള്ള വകുപ്പിന്റെ ഭാവി ആവശ്യങ്ങൾക്കും വേണ്ടിയാണ് ജലസേചന വകുപ്പ് സ്ഥലം ഏറ്റെടുക്കുന്നത്. |
| (ഇ) | എങ്കിൽ ആർ.ഡി.ഒ. ഓഫീസ് കെട്ടിടനിർമ്മാണത്തിന് ആവശ്യമായ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഇ) | പദ്ധതി നടത്തിപ്പിനും അനുബന്ധ ആവശ്യങ്ങൾക്കും ജലസേചനം വിപുലപ്പെടുത്തേണ്ടതുൾപ്പെടെയുള്ള വകുപ്പിന്റെ ഭാവി ആവശ്യങ്ങൾക്കും വേണ്ടിയാണ് ജലസേചന വകുപ്പ് സ്ഥലം ഏറ്റെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ